# തിടുക്കത്തിലുള്ള പ്രവർത്തനം ഒഴിവാക്കുക

സാക് പുന്നൻ

WFTW 18 നവംബർ 2012

2 ശമുവേൽ ആറാം അദ്ധ്യായത്തിൽ നാം കാണുന്ന ദൈവവചനത്തോട് കൃത്യത പുലർത്തിയില്ലെങ്കിൽ നല്ല ഉദ്ദേശത്തോടെയുള്ള പ്രവർത്തികൾ പോലും ദൈവയിഷ്ടത്തെ നമ്മിൽനിന്നും നഷ്ടമാക്കുവാൻ ഇടയാക്കും.ദാവീദ് ദൈവത്തിന്റെ പെട്ടകം യെരുശലെമിലേക്ക് മടക്കി കൊണ്ടുവരുന്നു. ഇതൊരു നല്ല കാര്യമാണ്. എന്നാൽ ന്യായപ്രമാണത്തിൽ ദൈവം കല്പിച്ചതുപോലെയല്ല അവൻ അത് ചെയ്തത്. ലേവ്യർ തങ്ങളുടെ ചുമലിൽ പെട്ടകം വഹിക്കണമെന്നായിരുന്നു ദൈവത്തിന്റെ കൽപന. എന്നാൽ ദാവീദ് ആ കൽപന പരിഷ്കരിച്ച് പെട്ടകം ഒരു കാളവണ്ടിയിൽ കയറ്റി കൊണ്ടുവന്നു. അവിടെ അവൻ വർഷങ്ങൾക്കു മുമ്പ് ഫെലിസ്ത്യർ ചെയ്തതിനെ അനുകരിക്കുകയായിരുന്നു.(1 ശമു. 6:8-12).

ഇന്നും പല ക്രിസ്തീയ നേതാക്കളും ഇത് തന്നെയാണ് ചെയ്യുന്നത്. അവർ തങ്ങളുടെ സഭയെ വചനത്തിലെ പഠിപ്പിക്കലിനനുസരിച്ചല്ല, പകരം ലോകപ്രകാരമുള്ള മാനേജ്മെന്റ് തന്ത്രങ്ങൾ ഉപയോഗിച്ചാണ് നടത്തുന്നത്. പെട്ടകം ചുമന്നുകൊണ്ടുള്ള വണ്ടി വലിച്ചിരുന്ന കാളകൾ വിരണ്ടത് കണ്ട ഊസാ പെട്ടെന്ന് കൈ നീട്ടി പെട്ടകം താഴെ വീഴാതെ താങ്ങി. ദൈവം ഉടനെ തന്നെ ഊസായെ അവന്റെ ഭക്തിയില്ലായ്മ നിമിത്തം കൊന്നു (വാക്യം 7). സങ്കടകരമാണെങ്കിലും ഇത് സത്യമാണ്. ദൈവത്തിന്റെ ഇടയന്മാരുടെ തെറ്റുകൾക്ക് ആടുകൾകൂടി കഷ്ടം അനുഭവിക്കേണ്ടി വരുന്നു. ദാവീദ് വരുത്തിയ തെറ്റിന്റെ ഫലം അനുഭവിച്ചത് ഊസയാണ്. ദൈവം തന്റെ ഭ്രുത്യന്മാരോട് വളരെ കർശനമായി ഇടപെടുമെന്ന് ദാവീദ് അവിടെ പഠിച്ചു. ഊസ നല്ല ഉദ്ദേശത്തോടെയാണ് അത് ചെയ്തത്. എന്നാൽ "ദൈവകോപം അവന്റെ നേരെ ജ്വലിച്ചു" (വാക്യം 7). ലേവ്യർക്കു മാത്രമേ പെട്ടകം സ്പർശിക്കാൻ കഴിയൂ എന്ന പ്രമാണം കുട്ടിക്കാലം മുതൽ തന്നെ ഊസയെ പഠിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ അവൻ ആ ഒരു നിമിഷത്തേയ്ക്ക് ദൈവകല്പനയെ ലഘുവായി കണ്ടു. അതിന്റെ ഫലം അനുഭവിക്കുകയും ചെയ്തു.

ഊസായുടെ ഈ തെറ്റ് ഇന്നും ആവർത്തിക്കപ്പെടാം. നമ്മുടെ സഭയിൽ എന്തെങ്കിലും തെറ്റായി കാണുമ്പോൾ നാം കൈ നീട്ടി "പെട്ടകം നേരെ നിർത്താന്" " ശ്രമിച്ചാൽ ദൈവം നമ്മെ അടിക്കും. നമ്മുടെ ലക്ഷ്യം ശരിയായിരുന്നെങ്കിലും നമുക്കുള്ള അതിരുകൾക്ക് പുറത്തേക്ക് നാം പോയി. നമ്മുടെ യുക്തി നമ്മോട് പറഞ്ഞതായിരിക്കും നാം ചെയ്തത്. എന്നാൽ ദൈവഹിതമറിയുന്നതിനു കാത്തിരിക്കാതെ തിടുക്കത്തിൽ പ്രവർത്തിച്ചു.

യേശു പറഞ്ഞു " ഞാൻ എന്റെ സഭയെ പണിയും " (മത്തായി 6:18). സഭ പണിയുക എന്നത് ദൈവത്തിന്റെ കാര്യമാണ്, നമ്മുടേതല്ല. ആ ജോലി ദൈവം നമ്മെ ആരെയും എൽപ്പിച്ചിട്ടുമില്ല. ഇന്ന സ്ഥലത്ത് ഞാൻ ഒരു സഭ പണിതുകൊണ്ടിരിക്കുകയാണ് എന്ന് പറയുമ്പോൾ അത് ധാർഷ്ട്യവും നിഗളവുമാണ്.ക്രിസ്തുവിന്റെ ശരീരത്തിന്റെ പണി നമ്മുടെ സ്വകാര്യ ഇടപാടായിട്ടാണ് കരുതുന്നതെങ്കിൽ തീർച്ചയായും ഒരു ദിവസമല്ലെങ്കിൽ മറ്റൊരു ദിവസം ഊസ ചെയ്ത തെറ്റ് വീണ്ടും നമ്മളും വരുത്തും. സഭയ്ക്ക് ഇളക്കം തട്ടുന്നതായി കാണുമ്പോൾ നാം ദൈവത്തിന്റെ അടുക്കൽ ചെന്ന് പറയണം, "ദൈവമേ, അവിടുന്നാണ് സഭയെ പണിയുന്നത്, ഞാനല്ല. അവിടുന്ന് തന്നെ സഭയെ സംരക്ഷിക്കേണമേ". കാര്യങ്ങൾ വേണ്ടവിധമല്ല നടക്കുന്നതെന്ന് തോന്നിയാൽ നമുക്ക് നമ്മോടു തന്നെ ചോദിക്കാം, "ആരുടെതാണ് ഈ വേല? ആർക്കാണ് ഇതിനുള്ള ചുമതല? അത് പരിശുദ്ധാത്മാവോ അതോ നമ്മൾ തന്നെയോ?". എന്തെങ്കിലും ഉടനെ ചെയ്യണമെന്ന തോന്നൽ ചിലപ്പോൾ നമുക്കുണ്ടാകാം. എന്നാൽ നാം പരിശുദ്ധാത്മാവിനെ ശ്രദ്ധിക്കാതെ പ്രവർത്തിച്ചാൽ അത് ജഡീക പ്രവൃത്തിയായിരിക്കും. നമ്മുടെ പ്രവൃത്തി നല്ല ഉദ്ദേശത്തോടെ ആണെങ്കിലും അത് നാം ഒന്നും ചെയ്യാതിരിക്കുന്നതിനേക്കാൾ കൂടുതൽ പ്രശ്നമുണ്ടാക്കും. അതുകൊണ്ട് നമ്മൾ പറയണം "ദൈവമേ അങ്ങാണ് ഇവിടെ പ്രവർത്തിക്കേണ്ടത്. ആധിപത്യം അവിടുത്തെ തോളിലാണ്. എനിക്ക് അങ്ങയെ കേൾക്കണം. എന്താണ് ഞാൻ ചെയ്യേണ്ടതെന്ന് അവിടുന്നു അരുളിചെയ്താലും".

സദൃശ്യവാക്യത്തിൽ പലതരം ഭോഷന്മാരെകുറിച്ച് പറയുന്നുണ്ട്. ഒടുവിൽ ഏറ്റവും വലിയ ഭോഷനെക്കുറിച്ചു പറയുന്നത് ഇങ്ങനെയാണ് "തിടുക്കത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനെക്കാൾ ഒരു ഭോഷനെക്കുറിച്ചു പ്രതീക്ഷയുണ്ട്" (സദൃ.വാ.29:20). തിടുക്കത്തിൽ എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നവന്, ആ സന്ദർഭത്തിന് ഏറ്റവും ആവശ്യമായ പ്രവൃത്തിയാണത് എന്നാ തികഞ്ഞ ആത്മവിശ്വാസത്തിലാണ്. അവൻ ദൈവത്തോട് ആലോചന ചോദിക്കുന്നില്ല. അവർ സ്വയമായി പ്രവർത്തിക്കുന്നു. അങ്ങനെയുള്ള മനുഷ്യനാണ് ഈ ലോകത്തിൽ ഏറ്റവും വലിയ ഭോഷൻ .

യേശുവിനെ കുറിച്ച് ഇങ്ങനെ പ്രവചിച്ചിരുന്നു."അവന്റെ പ്രമോദം യഹോവാ ഭക്തിയിൽ ആയിരുന്നു. അവൻ കണ്ണുകൊണ്ട് കാണുന്നതുപോലെ ന്യായപാലനം ചെയ്യുകയില്ല. ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കുകയുമില്ല" (യെശയ്യ. 11:3). യേശു ഒരു അന്ധനല്ലാത്തതുകൊണ്ട് പലതും കാണുന്നത് ഒഴിവാക്കാൻ കഴിയുമായിരുന്നില്ല. ചെകിടനല്ലാത്തതുകൊണ്ട് പലതും കേൾക്കാതിരിക്കുവാനും കഴിയുമായിരുന്നില്ല. എന്നാൽ കേവലം കാണുന്നതിന്റെയും കേൾക്കുന്നതിന്റെയും അടിസ്ഥാനത്തിൽ ആരെയും ന്യായം വിധിക്കാതിരിക്കത്തക്കവണ്ണം അത്രമാത്രം അവിടുന്ന് പിതാവിനെ ഭയപ്പെട്ടു. ഒരിക്കൽ അവിടുന്ന് പറഞ്ഞു, "പിതാവ് ചെയ്തത് കാണുന്നതല്ലാതെ പുത്രന് സ്വതവേ ഒന്നും ചെയ്യുവാൻ കഴിയുകയില്ല" (യോഹ.5:19).

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയുമായി പരീശന്മാർ യേശുവിന്റെ അടുക്കൽ വന്നപ്പോൾ യേശു അവരുടെ ചോദ്യങ്ങൾക്ക് കുറച്ചുസമയം ഉത്തരമൊന്നും നൽകിയില്ല. അവിടുന്ന് പിതാവിൽനിന്നു കേൾക്കുവാൻ കാത്തിരിക്കുകയായിരുന്നു. കേട്ടുകഴിഞ്ഞപ്പോൾ അവിടുന്ന് സംസാരിച്ചു. അതും കേവലം ഒരു വാചകം മാത്രമായിരുന്നു. "നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ" (യോഹ.8:7). ഒരു മണിക്കൂർ നീണ്ട ഒരു പ്രസംഗത്തേക്കാൾ അത് ഗുണം ചെയ്തു.

ആരെങ്കിലും എന്തെങ്കിലും കുഴഞ്ഞ പ്രശ്നങ്ങളുമായി നമ്മെ സമീപിക്കുമ്പോൾ നമ്മുടെ ബുദ്ധിയിൽനിന്നും, കഴിഞ്ഞ കാല അനുഭവങ്ങളിൽനിന്നും ഒരു മറുപടി കൊടുത്താൽ പ്രശ്നം ഒരുപക്ഷെ കൂടുതൽ വഷളായേക്കാം. എന്നാൽ പിതാവിൽനിന്നു ലഭിക്കുന്ന ജ്ഞാനത്തിന്റെ ഒരു വാക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട് അടുത്ത തവണ "കാള വിരണ്ട് പെട്ടകം വീഴാൻ തുടങ്ങുന്നത്" കണ്ട് അതിലിടപെട്ട് നമ്മുടെ പേര് ഭോഷന്മാരുടെ പട്ടികയിൽ ഒന്നാമതാക്കാൻ ശ്രമിക്കരുത്. നമ്മുടെ കണ്ണ് കാണുകയും ചെവി കേൾക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ വിധിക്കുവാൻ തിടുക്കമുള്ളവരാകരുത്. അതിനു പകരം നിലംപാടുവീണ് ദൈവത്തോട് ചോദിക്കുക, "ദൈവമേ എനിക്ക് ജ്ഞാനം കുറവാണ്, ഞാൻ എന്താണ് ചെയ്യേണ്ടത്?".

നമുക്ക് ജ്ഞാനം കുറവാണെന്ന് സമ്മതിക്കുവാൻ വലിയ പ്രയാസമാണ്. പ്രത്യേകിച്ച് സഭയിലെ മറ്റുള്ളവർ നമ്മേക്കാൾ ചെറുപ്പവും പക്വത കുറവുള്ളവരും ആകുമ്പോള്, എന്നാൽ താഴ്മയോടെ നമ്മുടെ ആവശ്യമറിയിച്ചാൽ ദൈവം സമൃദ്ധിയായി ജ്ഞാനം നമുക്ക് നൽകും.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)